എസ്.എച്ച് (2) 10341/2017

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 16/11/2017

## സർക്കുലർ

| | |
|---|---|
| വിഷയം:- | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം- അറ്റന്റർ/ ലാബ് അറ്റന്റർ തസ്തികയിലെ ഉദ്യോഗക്കയറ്റം- യോഗ്യരായവരുടെ വിവരങ്ങൾ- ശേഖരിക്കുന്നത്- സംബന്ധിച്ച്. |
| സൂചന:- | 1.14/09/1973 ലെ സർക്കാർ ഉത്തരവ് (പി) 249/73 P& ARD.<br>2.19/01/1993 ലെ സർക്കാർ ഉത്തരവ് (പി) 9/93/പി & എ ആർ.ഡി. |

കൃഷി വകുപ്പിലെ വിവിധ ലാബുകളിലും, ആഫീസുകളിലും നിലവിലുള്ള അറ്റന്റർ/ ലാബ് അറ്റന്റർ തസ്തികയിലേക്ക് ഉപരി സൂചനയിലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഉദ്യോഗക്കയറ്റം വഴി നിയമനം നൽകുന്നതിലേക്കായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ 30/11/2018 ന് 5 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് താൽപ്പര്യപ്പെടുന്നു.

1. പേര്
2. ഉദ്യോഗപ്പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും.
3. ജനനതീയ്യതി
4. വിദ്യാഭ്യാസയോഗ്യത
5. അറ്റന്റർ ടെസ്റ്റ് പാസ്സായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം (പകർപ്പ് സഹിതം)
6. ജോലിയിൽ പ്രവേശിച്ച തീയ്യതി
7. സംസ്ഥാനത്ത് എവിടെയും ജോലി ചെയ്യാൻ സന്നദ്ധരാണെന്ന സമ്മതപത്രം
8. ഇപ്പോഴത്തെ തസ്തികയിലെ നിയമന ഉത്തരവിന്റെ നമ്പരും തീയ്യതിയും.
9. ഇപ്പോഴത്തെ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ചതിന്റെ വിശദാംശങ്ങൾ.
10. അഭിപ്രായക്കുറിപ്പുകൾ.

ടി നിയമനത്തിന് മുൻപ് അപേക്ഷിച്ചവർ അവർക്ക് ഇപ്പോഴും നിയമനം അവശ്യമുണ്ടെങ്കിൽ പുതുതായി അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഒഴിവ് നിലവിലുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvanathapuram-33

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലും സർക്കുലർ നൽകേണ്ടതാണ്)
2. കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസുകൾക്ക്
3. ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

എസ്.എം.വി